മഹാത്മാ ഗാന്ധി സർവകലാശാല

എഡിബി 3/3/tree cutting/ September -2023 03.09.2023

**ക്വട്ടേഷൻ നോട്ടീസ്**

മഹാത്മാഗാന്ധി സർവകലാശാല കാമ്പസിലെ ഫ്രണ്ട് ഓഫീസിനു സമീപം അപകടകരമായി നിൽക്കുന്ന 2-പനയും ,സ്റ്റുഡന്റ് ക്യാന്റീനു സമീപം അതിർത്തിയിൽ ഉദ്ദേശം 6 മീറ്റർ ഉയരത്തിൽ തിട്ടയിൽ നിൽക്കുന്ന 12 - ചെറിയ പനകളും, എൻവിയോൺമെൻറ് സയൻസ് ഡിപ്പാർട്ട്മെന്റ് ക്യാന്റീനു സമീപം 1.5 മീറ്റർ പൊക്കത്തിൽ തുറന്ന പൊത്തായി നിൽക്കുന്ന അക്വാഷ്യ മരം, ചന്ദ്രഗിരി ഹോസ്റ്റലിന്റെ ബയോഗ്യാസ് പ്ലാന്റിലേക്കു ചരിഞ്ഞു നിക്കുന്ന ബദാം എന്നീ മരങ്ങൾ വാങ്ങി ചുവടെ മുറിച്ചുമാറ്റുന്നതിന് ആവശ്യമായ സംവിധാനങ്ങളും പരിചയസമ്പത്തും ഉള്ള സ്ഥാപനങ്ങളിൽ നിന്നും, വ്യക്തികളിൽനിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷൻ ഫോറം www.mgu.ac.in . സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്യുകയോ എ.ഡി ബി 3 സെക്ഷനിൽ നിന്നും 08.09.2023 -1.00 pm വരെ വാങ്ങുകയോ ചെയ്യാവുന്നതാണ്. ക്വട്ടേഷൻ ഫോമിന്റെ വില 105/- രൂപ. മുദ്ര വച്ച കവറിൽ ക്വട്ടേഷനുകൾ ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണം) ,മഹാത്മാഗാന്ധി സർവകലാശാല ,പി.ഡി.ഹിൽസ് ,കോട്ടയം -686560 എന്ന വിലാസത്തിൽ ലഭിക്കേണ്ട അവസാന തീയതി 08.09.2023 -2.00pm. ക്വട്ടേഷൻ അടക്കം ചെയ്ത കവറിൽ "Cutting trees in the University campus-September 2023 " എന്ന് രേഖപ്പെടുത്തേണ്ടതാണ്.ക്വട്ടേഷനുകൾ തുറക്കുന്ന തീയതിയും സമയവും 08.09.2023 -3.00 p.m

ജിംസൺ ജോൺ
എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

മഹാത്മാഗാന്ധി സർവ്വകലാശാല

Draft #3 of File 57828/AD B 3-3/2023/AD B 3 Approved by ESTATE OFFICER ADMINISTRATION on 03-Sep-2023 07:57 AM - Page 1

മഹാത്മാ ഗാന്ധി സർവകലാശാല
കേരളം

**ക്വട്ടേഷൻ നിബന്ധനകൾ**

നം: എ ഡി ബി 3/3/tree cutting/ September -2023 03.09.2023

1. ക്വട്ടേഷൻ ഫാറവും നിബന്ധനകളും എ.ഡി.ബി.3 സെക്ഷനിൽ നിന്നും 08.09.2023 -1.00 pm വരെ കൈപ്പറ്റാവുന്നതാണ്. രജിസ്ട്രേഡ് തപാൽ മാർഗ്ഗമോ, നേരിട്ടോ, എസ്റ്റേറ്റ് ഓഫീസർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം -686560 എന്ന വിലാസത്തിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തിയതി 08.09.2023, 2.00 p.m.

2. ക്വട്ടേഷൻ അടക്കം ചെയ്ത കവറിൽ "Cutting trees in the University campus-September 2023" എന്ന് രേഖപ്പെടുത്തണം. ക്വട്ടേഷനുകൾ തുറക്കുന്ന തിയതി 08.09.2023, 3.00 p.m.

3. പ്രവർത്തിക്ക് ആവശ്യമായ ഉപകരണങ്ങൾ ഒരുക്കേണ്ടതും വിദഗ്ധ തൊഴിലാളികളെ നിയോഗിക്കേണ്ടതും അവരുടെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതും, ഇന്ധനം ഉൾപ്പെടെയുള്ള എല്ലാ അനുബന്ധ ചിലവുകളും കരാർ ഉറപ്പിച്ചുകിട്ടുന്ന സ്ഥാപനത്തിന്റെ/വ്യക്തിയുടെ ഉത്തരവാദിത്വം ആയിരിക്കും. പ്രവർത്തി നടപ്പാക്കുമ്പോൾ ആളുകളുടെ ജീവനും സ്വത്തിനും, സർവകലാശാലയുടെ വസ്തുവകകൾക്കും കേടുപാടുകൾ കൂടാതെ സൂക്ഷിക്കേണ്ട ഉത്തരവാദിത്തം കരാർ എടുക്കുന്ന വ്യക്തിക്ക് ഉണ്ടായിരിക്കുന്നതാണ്. കഷ്ടനഷ്ടങ്ങളുണ്ടായാൽ നഷ്ടപരിഹാരത്തുക കരാർ എടുക്കുന്നയാളില്നിന്നും നിയമാനുസൃതം ഈടാക്കുന്നതാണ് .

4. മരങ്ങൾ വെട്ടുന്നതിനു മുൻപ് വില / നികുതികൾ എന്നിവ സർവകലാശാലയുടെ/ സർക്കാരിന്റെ നിർദിഷ്ട അക്കൗണ്ടുകളിൽ അടച്ച് രസീത് സെക്ഷനിൽ നൽകേണ്ടതാണ്.

5. ക്വട്ടേഷനുകൾ തുറക്കുന്ന തിയതി മാറ്റുന്നതിനോ ലഭിച്ച ക്വട്ടേഷനുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കുന്നതിനോ ഉള്ള അധികാരം നിർവഹണ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കും.

6. രേഖപ്പെടുത്തുന്ന നിരക്കുകൾ യൂണിവേഴ്സിറ്റിയ്ക്ക് ലാഭകരമായി ബോധ്യപ്പെടാത്ത പക്ഷം ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതാണ്. ക്വട്ടേഷൻ ഉറപ്പിക്കുന്നതുൾപ്പെടെയുള്ള എല്ലാ കാര്യത്തിലും സർവകലാശാലയുടെ തീരുമാനം അന്തിമമായിരിക്കും.

7. ക്വട്ടേഷൻ നിബന്ധനകൾ പൂർണമായും പാലിക്കേണ്ടതാണ്.

8. ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ എ.ഡി.ബി.3 സെക്ഷനിൽ നിന്നും ലഭിക്കുന്നതാണ്.
ഫോൺ: 0481-2733308

ജിംസൺ ജോൺ
എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

Draft #1 of File 57828/AD B 3-3/2023/AD B 3 Approved by ESTATE OFFICER ADMINISTRATION on 03-Sep-2023 09:20 AM - Page 1
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മഹാത്മാ ഗാന്ധി സർവകലാശാല
കേരളം

**ക്വട്ടേഷൻ ഫോം**

ക്വട്ടേഷൻ നോട്ടീസ് നം: എഡിബി3/3/tree cutting/September-2023 03.09.2023 പ്രകാരം മഹാത്മാഗാന്ധി സർവകലാശാല കാമ്പസിലെ ഫ്രണ്ട് ഓഫീസിനു സമീപം അപകടകരമായി നിൽക്കുന്ന 2-പനയും, സ്റ്റുഡന്റ് ക്യാന്റീനു സമീപം അതിർത്തിയിൽ ഉദ്ദേശം 6 മീറ്റർ ഉയരത്തിൽ തിട്ടയിൽ നിൽക്കുന്ന 12 -ചെറിയ പനകളും, എൻവിയോൺമെൻറ് സയൻസ് ഡിപ്പാർട്ട്മെന്റ് ക്യാന്റീനു സമീപം 1.5 മീറ്റർ പൊക്കത്തിൽ തുറന്ന പൊത്തായി നിൽക്കുന്ന അക്വാഷ്യ മരം, ചന്ദ്രഗിരി ഹോസ്റ്റലിന്റെ ബയോഗ്യാസ് പ്ലാന്റിലേക്കു ചരിഞ്ഞു നിക്കുന്ന ബദാം എന്നീ മരങ്ങൾ .................. രൂപ (.........................................രൂപ മാത്രം) എന്ന നിരക്കിൽ (എല്ലാ നികുതികളും ഉൾപ്പെടെ ) വാങ്ങി ചുവടെ മുറിച്ചുമാറ്റുന്നതിന് സന്നദ്ധത അറിയിക്കുന്നു.

തീയതി :

പേര് :
മേൽവിലാസം :

ഫോൺ :

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 57828/AD B 3-3/2023/AD B 3 Approved by ESTATE OFFICER ADMINISTRATION on 03-Sep-2023 09:18 AM - Page 1